# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **04.12.2014 ൽ മറുപടി നൽകേണ്ടിയിരുന്നത്**

**നിയമസഭാ ചോദ്യം നം. 1164**

## സ്കൂളുകളും വിദ്യാർത്ഥികളും അധ്യാപകരും

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. സാജു പോൾ | | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| (എ) | 2014 -15 അധ്യയന വർഷത്തിലെ കണക്കുകൾ പ്രകാരം പത്താം ക്ലാസ്സ് വരെയുള്ള ആകെ സ്കൂളുകൾ എത്ര; അവയിൽ എയ്ഡഡ് മേഖലയിലുള്ളവ എത്ര സർക്കാർ മേഖലയിലുള്ളവ എത്ര; വിശദമാക്കാമോ; | (എ) | 2014-15 വർഷത്തെ കണക്കുകൾ പ്രകാരം സർക്കാർ, എയ്ഡഡ് അൺ എയ്ഡഡ് മേഖല ഉൾപ്പെടെ പത്താം ക്ലാസ്സ് വരെയുള്ള 12,615 സ്കൂളുകൾ ഉണ്ട്.<br>സർക്കാർ മേഖലയിൽ - 4,619<br>എയ്ഡഡ് മേഖലയിൽ - 7,145 |
| (ബി) | സർക്കാർ / എയ്ഡഡ് മേഖലകളിൽ ഉള്ള സ്കൂളുകളിൽ ഒന്നു മുതൽ പത്താം ക്ലാസ് വരെയുള്ള ഓരോ ക്ലാസ്സുകളിലെയും ആകെ വിദ്യാർത്ഥികൾ എത്രയാണെന്ന് വ്യക്തമാക്കാമോ; | (ബി) | സർക്കാർ/എയ്ഡഡ് മേഖലകളിലെ കുട്ടികളുടെ എണ്ണം (പ്രൊവിഷണൽ) സ്റ്റാൻഡേർഡ് തിരിച്ച് അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (സി) | പത്താം ക്ലാസ്സ് വരെയുള്ള ക്ലാസ്സുകളിൽ പഠിപ്പിക്കുന്ന ആകെ അധ്യാപകർ എത്ര; അതിൽ എയ്ഡഡ് സ്കൂളുകളിലെ അധ്യാപകർ എത്രയാണെന്ന് വ്യക്തമാക്കാമോ; | (സി) | 2014-15 വർഷത്തെ താല്ക്കാലിക കണക്കു പ്രകാരം പത്താം ക്ലാസ്സ് വരെ പഠിപ്പിക്കുന്ന ആകെ 1,68,147 അധ്യാപകർ ഉണ്ട്. ഇതിൽ എയ്ഡഡ് വിഭാഗത്തിൽ 99,994 അധ്യാപകർ ഉണ്ട്. |
| (ഡി) | സർക്കാർ / എയ്ഡഡ് സ്കൂളുകളിൽ ഇരുപതിൽ താഴെ വിദ്യാർത്ഥികളുള്ള സ്കൂളുകൾ എത്ര; സർക്കാർ സ്കൂളുകൾ എത്ര; എയ്ഡഡ് സ്കൂളുകൾ എത്ര; ഈ സ്കൂളുകളിലെ അധ്യാപകർ എത്ര; വിശദമാക്കാമോ; | (ഡി) | ഇരുപതിൽ താഴെ കുട്ടികളുള്ള 729 സർക്കാർ/എയ്ഡഡ് സ്കൂളുകൾ പ്രവർത്തിക്കുന്നു. ഇതിൽ 332 സർക്കാർ സ്കൂളും 397 എയ്ഡഡ് സ്കൂളും ഉണ്ട്. സർക്കാർ വിഭാഗത്തിൽ 1,290 അധ്യാപകരും, എയ്ഡഡ് വിഭാഗത്തിൽ 1,407 അധ്യാപകരും ഉണ്ട്. |
| (ഇ) | സംസ്ഥാനത്ത് ആകെ എത്ര പ്രൊട്ടക്റ്റഡ് അധ്യാപകർ ഉണ്ട്; വിവരം ലഭ്യമാക്കാമോ? | (ഇ) | അദ്ധ്യാപക പാക്കേജ് നിലവിൽ വന്നതോടെ പ്രൊട്ടക്റ്റഡ് അധ്യപകരില്ല. അദ്ധ്യാപക പാക്കേജ് പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള സ.ഉ. (പി) നം. 205/2011/പൊ.വി.വ. തീയതി 07.10.2011 പ്രകാരം ആകെ 2,939 പ്രൊട്ടക്റ്റഡ് അധ്യാപകരാണുള്ളത്. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

| സ്റ്റാൻഡേർഡ് | ഗവൺമെന്റ് | എയ്ഡഡ് |
|---|---|---|
| I | 90,529 | 1,64,114 |
| II | 92,162 | 1,69,276 |
| III | 97,900 | 1,77,256 |
| IV | 98,808 | 1,83,914 |
| V | 1,04,575 | 2,28,970 |
| VI | 1,12,357 | 2,46,480 |
| VII | 1,18,439 | 2,61,049 |
| VIII | 1,48,608 | 2,66,005 |
| IX | 1,59,953 | 2,91,556 |
| X | 1,53,899 | 2,81,748 |
| ആകെ | 11,77,230 | 22,70,368 |

സെക്ഷൻ ഓഫീസർ